**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1505

11.02.2013-ൽ മറുപടിയ്ക്ക്

## ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് വി.ഇ.ഒ. ശ്രീ.വേണുഗോപാലിന്റെ ചികിത്സ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റിനുള്ള നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.മോൻസ് ജോസഫ്** | **ശ്രീ.കെ.സി.ജോസഫ്**<br>**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)** |
| (എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് വി.ഇ.ഒ. ആയ ശ്രീ.വേണുഗോപാലിന്റെ കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയയുടെ മെഡിക്കൽ ബില്ല് പാസ്സാക്കുന്നതു സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണറേറ്റിൽ നിലവിലുള്ള സി1/9916/12 എന്ന ഫയലിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് വി.ഇ.ഒ. ആയ ശ്രീ.വേണുഗോപാലന് ചികിത്സ നൽകിയ 'കോട്ടയം കാരിത്താസ് ആശുപത്രി" സർക്കാർ അംഗീകൃത ആശുപത്രികളുടെ പട്ടികയിൽ ഉൾപ്പെടാത്ത സാഹചര്യത്തിൽ ചട്ടങ്ങളിൽ ഇളവ് വരുത്തി പ്രത്യേക കേസായി പരിഗണിക്കുന്നതിനായി ടിയാന്റെ അപേക്ഷ ഗ്രാമവികസന കമ്മീഷണർ സർക്കാരിലേക്ക് അയച്ചു തരികയും, ആരോഗ്യവകുപ്പ് ഡയറക്ടർ പരിശോധിച്ച് അനുവദനീയമായ തുക എത്രയെന്ന് അറിയിക്കാൻ ടിയാന്റെ അപേക്ഷയും അനുബന്ധ രേഖകളും ഗ്രാമവികസന കമ്മീഷണർക്ക് തിരിച്ചയച്ചു കൊടുക്കുകയും ആയത് ഗ്രാമവികസന കമ്മീഷണർ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അയച്ചു കൊടുത്തിരിക്കുകയുമാണ്. |
| (ബി) പ്രസ്തുത ഫയൽ റിപ്പോർട്ടിനായി ഡി.എച്ച്.എസിന് അയച്ചോ; എങ്കിൽ എന്ന് അയച്ചു; റിപ്പോർട്ട് ലഭ്യമായോ; എങ്കിൽ, പകർപ്പ് നൽകാമോ; | (ബി) ഗ്രാമവികസന കമ്മീഷണറേറ്റിൽ നിന്നും 17.01.2013-ലെ 9916/എസ്റ്റാ.സി1/ 12/സിആർഡി നമ്പർ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിനായി അയച്ചു കൊടുത്തിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

| | |
|---|---|
| (സി) പ്രസ്തുത ഫയൽ തീർപ്പാക്കുന്നതിൽ ഗ്രാമവികസന കമ്മീഷണറേറ്റിൽ കാലതാമസം ഉണ്ടായോ; എങ്കിൽ കാരണം വ്യക്തമാക്കാമോ? | (സി) കാലതാമസം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ